<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 270</u> <u>22-07-2021 - ൽ മറുപടിയ്ക്ക്</u>

<u>കേരളബാങ്കിന്റെ മത്സരക്ഷമത ഉയർത്തൽ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ദേശസാൽകൃത-വാണിജ്യ-ന്യൂജനറേഷൻ ബാങ്കുകളോട് മത്സരിക്കാൻ കഴിയുന്ന രീതിയിൽ കേരള ബാങ്കിനെ മാറ്റിയെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ? | (എ) | കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ മുഴുവൻ ശാഖകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള കോർ ബാങ്കിംഗ് (CBS) നടപ്പാക്കുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്. ഇതോടൊപ്പം എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യവും ഇടപാടുകാർക്ക് നൽകാൻ പ്രാപ്തമാകുന്ന ഡിജിറ്റൽ ബാങ്കിംഗ് പദ്ധതിയും നടപ്പാക്കുന്നുണ്ട്. കേരള ബാങ്ക് പ്രൊഫഷണൽ ആക്കുന്നതിന്റെ ഭാഗമായി അംഗീകൃത ട്രെയിനിംഗ് സ്ഥാപനങ്ങൾ മുഖേനയും കൂടാതെ RBI, BIRD എന്നിവ നടത്തുന്ന ട്രെയിനിംഗ് പ്രോഗ്രാമുകളിലും എല്ലാ വിഭാഗം ജീവനക്കാരെയും പങ്കെടുപ്പിച്ച് വരുന്നു. വ്യത്യസ്ത കോർബാങ്കിംഗ് സൊല്യൂഷനുകളിൽ പ്രവർത്തിക്കുന്ന കേരള ബാങ്കിന്റെ ഓഫീസുകളെ ഒരു ഏകീകൃത കോർ ബാങ്കിംഗ് സംവിധാനത്തിൽ കൊണ്ടു വരുകയും അതു മുഖാന്തിരം കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഉപയോഗ പ്രദമായ രീതിയിൽ ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഏകീകൃത കോർ ബാങ്കിംഗ് സംവിധാനം നടപ്പിൽ വരുന്നതോടു കൂടി RTGS/NEFT, Mobile Banking, IMPS (Immediate Payment System), Internet Banking, UPI (Unified Payment Interface) BBPS (Bharath Bill Payment System) CTS (Cheque Truncation System), ATM, Micro ATM, FAST ag, AEPS (Aadhar Enabled Payment System), E-KYC, CKYC, PFMS (Public Finance Management System) DMR (Digital Member Register), NACH (National Automated Clearing House) മുതലായ ഡിജിറ്റൽ സേവനങ്ങൾ എല്ലാം തന്നെ കേരള ബാങ്കിലൂടെ ലഭ്യമാകുന്നതാണ്. കേരള ബാങ്ക് രൂപീകരിച്ച ശേഷം സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഉതകുന്ന രൂപത്തിൽ പല |

| | | | |
|---|---|---|---|
| | | | വിധത്തിലുള്ള CASA (കറന്റ്/സേവിംഗ്സ് അക്കൗണ്ടുകൾ) ആരംഭിച്ചിട്ടുണ്ട്. കേരള ബാങ്ക് വായ്പ പദ്ധതികൾ പ്രവർത്ത വിപുലീകരണത്തിന്റെ ഭാഗമായി പുതിയ ലോൺ പദ്ധതികൾ ആരംഭച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

| | | |
|---|---|---|
| 1 | 1. KB MSME<br>2. KB Suvidha<br>3.KB Yuvamithra | സൂക്ഷ്മ-ചെറുകിട-സംരഭങ്ങൾക്കുള്ള വായ്പ പദ്ധതി |
| 2. | KB<br>LT Agricultural | കാർഷിക മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ദീർഘകാല വായ്പ |
| 3. | 1. KB Home loan | ഭവന നിർമ്മാണ ത്തിനും അറ്റകുറ്റ പ്പണിക്കും ഉള്ള വായ്പ |
| | 2. KB Housing loan( PMAY) | പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി പ്രകാരം സബ്സിഡി യോടുകൂടിയ ഭവന വായ്പ |
| | 3. KB Suvidha Home | കുറഞ്ഞ വരുമാന ക്കാർക്കുള്ള ഭവന വായ്പ പദ്ധതി |
| 4. | KB Pravasi Kiran | പ്രവാസികൾക്ക് സംരംഭങ്ങൾ തുടങ്ങുവാനുള്ള വായ്പ പദ്ധതി |
| 5. | KB Kissan Mithra | ഹ്രസ്വകാല ആവശ്യങ്ങൾക്കുള്ള കാർഷിക വായ്പ |
| 6. | KB Suvega | കൃഷിക്കാർക്കും സർക്കാർ ജീവന ക്കാർക്കും വേണ്ടിയുള്ള വാഹന വായ്പ |
| 7. | KB Sahaja | സ്ത്രീകൾക്ക് മാത്രമായി സ്വയം സഹായ സംഘങ്ങൾ വഴി നൽകുന്ന വായ്പ പദ്ധതി. |
| 8. | KB Pension | പെൻഷൻകാർക്കു വേണ്ടിയുള്ള വായ്പ |
| 9. | KB Tourism | ടൂറിസം മേഖലയിലെ സംരംഭങ്ങൾക്കുള്ള വായ്പ പദ്ധതി |
| 10. | SAF | മത്സ്യ മേഖലയിലുള്ള വ്യക്തികൾക്ക് മാത്രമായി സ്വയം സഹായ സംഘങ്ങൾ വഴി നൽകുന്ന വായ്പ |
| 11. | AIF | കാർഷിക മേഖല യിലെ വിളവെടുപ്പിന് ശേഷമുള്ള ആവശ്യ ങ്ങൾക്കായി നൽകുന്ന വായ്പ |